# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 മേയ് 25, വ്യാഴം

**നമ്പർ 78**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്:

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 2017 മേയ് 15-ലെ നക്ഷത്രചിഹ്നമിട്ട 395-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റും തിരുത്തൽ വരുത്തിയ മറുപടിയും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ മേശപ്പുറത്തു വച്ചു.

ചരമോപചാരം:

മുൻ നിയമസഭാംഗം പള്ളിപ്രം ബാലൻ, കേന്ദ്ര പരിസ്ഥിതി-വനം കാലാവസ്ഥ വ്യതിയാനവും വകുപ്പുമന്ത്രി അനിൽ മാധവ് ദവേ എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു

അടിയന്തരപ്രമേയം:

കുട്ടനാട് പാക്കേജ്, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ, പി. എം. ജി. എസ്. വൈ., എം. ജി. എൻ. ആർ. ഇ. ജി. എസ്. തുടങ്ങിയ പദ്ധതികൾക്ക് കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട വിഹിതം സംസ്ഥാന സർക്കാർ സമയോചിതമായി നടപടികൾ സ്വീകരിക്കാത്തതുമൂലം നഷ്ടമായതും കൂടുതൽ തുക നഷ്ടമാകാൻ ഇടയുള്ളതുമായ അതീവ ഗുരുതരമായ സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ. മുരളീധരനും മറ്റ് രണ്ട് അംഗങ്ങളും ചേർന്ന് ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

KNPP. 1026/2017(i).

<u>ശ്രദ്ധ ക്ഷണിക്കൽ:</u>

(1) നിർദ്ദിഷ്ട നഞ്ചൻഗോട്-നിലമ്പൂർ റെയിൽപാത നിർമ്മാണം സംസ്ഥാനം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സി. കെ. ശശീന്ദ്രൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) ഐ. എസ്. ഭീകരർ തട്ടിക്കൊണ്ടുപോയ ഫാദർ ടോം ഉഴുന്നാലിലിന്റെ മോചനത്തിനായുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. എം. മാണി മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ഗൾഫ് രാജ്യങ്ങളിലേക്ക് നിയമ വിരുദ്ധമായി സ്ത്രീകളെ കൊണ്ടുപോകുന്ന ഏജന്റുമാർക്കെതിരെ നടപടി | മുഖ്യമന്ത്രി |
| 2 | ശ്രീ. ആന്റണി ജോൺ | കോതമംഗലത്ത് മുൻസിഫ് കോടതി | മുഖ്യമന്ത്രി |
| 3 | ശ്രീ. എൻ. ഷംസുദ്ദീൻ | അർദ്ധ സൈനിക വിമുക്തഭടന്മാരുടെയും ആശ്രിതരുടെയും ആവശ്യങ്ങൾ | മുഖ്യമന്ത്രി |
| 4 | ശ്രീ. ആർ. രാജേഷ് | മാവേലിക്കര ചാരുംമൂട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി | മുഖ്യമന്ത്രി |
| 5 | ശ്രീ. പി. കെ. ബഷീർ | പെരുവമ്പാടം കോളനിയിൽ 'ഹാം ലെറ്റ്' പദ്ധതി പ്രകാരം വീടുകൾക്ക് ധനസഹായ വിതരണം | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. ബി. സത്യൻ | അയ്യങ്കാളി സ്മൃതിമണ്ഡപം നവീകരിക്കുന്നതും പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതും | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 7 | ശ്രീ. എസ്. രാജേന്ദ്രൻ | ദേവികുളം താലൂക്കിൽ കുറ്റിയം വാലിയിൽ പട്ടയം ലഭിച്ചവർക്ക് ഭൂമി ലഭ്യമാക്കുന്നത് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. ബാബു | മാമ്പഴം നാണ്യവിളയിൽ ഉൾപ്പെടുത്തുന്നത് | കൃഷി വകുപ്പുമന്ത്രി |
| 9 | ശ്രീമതി ഇ. എസ്. ബിജിമോൾ | കോലാഹലമേട്ടിൽ ഡയറി സയൻസ് കേന്ദ്രം | കൃഷി വകുപ്പുമന്ത്രി |
| 10 | ഡോ. എം. കെ. മുനീർ | കോതി, നൈനാംവളപ്പ്, പള്ളിക്കണ്ടി, ചാപ്പയിൽ തീരപ്രദേശങ്ങളിൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 11 | ശ്രീമതി യു. പ്രതിഭ ഹരി | ആർ. എസ്. ബി. വൈ. നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 12 | ശ്രീ. കെ. ദാസൻ | ഉള്ളൂർക്കടവ് പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 13 | ശ്രീ. വി. ടി. ബൽറാം | കുറ്റിപ്പുറം പട്ടാമ്പി റോഡ്, പട്ടാമ്പി പാലം, കരിയന്നൂർ റെയിൽവേ മേൽപ്പാലം, ചാത്തന്നൂർ സിന്തറ്റിക് ട്രാക്ക് തുടങ്ങിയവയുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 14 | ശ്രീ. കെ. കുഞ്ഞിരാമൻ | കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ റോഡുകളുടെ വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 15 | ശ്രീ. എൻ. വിജയൻ പിള്ള | ചവറയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 16 | ശ്രീ. അൻവർ സാദത്ത് | ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് കീഴിലുള്ള റോഡുകൾ ടാർ ചെയ്യുന്നതിനുള്ള വീതി 4 മീറ്റർ ആക്കുന്നതിന് നടപടി | തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 17 | ശ്രീ. പി. ടി. തോമസ് | നഴ്സറി സ്കൂളുകളുടെ നിയമപരമായ പ്രവർത്തനവും ഡേ കെയറിൽ, ആയ കുട്ടിയെ മർദ്ദിച്ച സംഭവവും | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 18 | ശ്രീ. റോജി എം. ജോൺ | കാലടി-മലയാറ്റൂർ-ആതിരപ്പള്ളി ടൂറിസം സർക്യൂട്ട് | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 19 | ശ്രീ. വി. ഡി. സതീശൻ | ഖാദി മേഖലയിലെ പ്രതിസന്ധി | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 20 | ശ്രീ. കെ. എം. ഷാജി | നീർക്കടവ് ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം ആരംഭിക്കുന്നത് | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 21 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | കയ്പമംഗലം ഗ്രാമപഞ്ചായത്തിൽ ഫിഷ് ലാന്റിംഗ് സെന്റർ | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 22 | ശ്രീ. എ. പ്രദീപ്കുമാർ | കോഴിക്കോട് സിവിൽ സർവ്വീസ് അക്കാഡമി കെട്ടിട നിർമ്മാണം | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ട് സമർപ്പണം:

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2016-2017 സാമ്പത്തികവർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(2) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2016-2017 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(3) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2016-2017 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന:

1994-ൽ സംസ്ഥാനത്ത് നടപ്പാക്കിയ തൊഴിൽ ദാനപദ്ധതിയിലെ അംഗങ്ങൾക്ക് അറുപതു വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും നൽകുവാനുള്ള സർക്കാർ തീരുമാനം സംബന്ധിച്ച് കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ ചട്ടം 300 അനുസരിച്ചുള്ള ഒരു പ്രസ്താവന ചെയ്തു.

ചട്ടം 118 പ്രകാരമുള്ള ഗവൺമെന്റ് പ്രമേയം:

സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിലുള്ള തൊഴിലാളികൾക്ക് ലഭിക്കുവാനുള്ള കുടിശ്ശിക തുക അടിയന്തരമായി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന ചട്ടം 118 അനുസരിച്ചുള്ള ഒരു പ്രമേയം തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ചു. ശ്രീ. അനിൽ അക്കര, ശ്രീ. കെ. സി. ജോസഫ് എന്നിവർ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു സംസാരിച്ചു. മന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയും പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

ചട്ടം 288 പ്രകാരമുള്ള വ്യക്തിപരമായ വിശദീകരണം:

2017 മേയ് 8-ാം തീയതി ചർച്ചയിൽ പങ്കെടുത്ത് ശ്രീ. കെ. ബി. ഗണേഷ് കുമാർ നടത്തിയ പരാമർശങ്ങൾ സംബന്ധിച്ച് ശ്രീ. പി. കെ. അബ്ദു റബ്ബ് ചട്ടം 288 അനുസരിച്ച് ഒരു വ്യക്തിപരമായ വിശദീകരണം നടത്തി.

നിയമനിർമ്മാണകാര്യം:

(1) 2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലും ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. ആർ. രാജേഷ്

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. ജോർജ്

ശ്രീ. കെ. കൃഷ്ണൻകുട്ടി

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. രമേശ് ചെന്നിത്തല (പ്രതിപക്ഷ നേതാവ്).

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മറുപടി പറഞ്ഞു. തുടർന്ന് 2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കുകയും വോട്ടിനിട്ട് പാസ്സാക്കുകയും ചെയ്തു.

(2) 2017-ലെ കേരള ധനകാര്യബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ധനകാര്യബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ താഴെപ്പറയുന്ന അംഗങ്ങൾ സംസാരിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. വി. ഡി. സതീശൻ

ഡോ. എൻ. ജയരാജ്.

ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീമതി ഇ. എസ്. ബിജിമോളും, ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സി. കെ. ഹരീന്ദ്രനും അവതരിപ്പിച്ച് സംസാരിച്ചു.

ധനകാര്യവും കയറും വകുപ്പമന്ത്രിയുടെ മറുപടിയ്ക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു അതിനുശേഷം ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു

രണ്ടാം വകുപ്പ്

In section 12A proposed to be inserted in the Kerala Stamp Act, 1959 by clause 2(4) delete the word "computer"

In section 12A proposed to be inserted in the Kerala Stamp Act, 1959 by clause 2(4), substitute the word "authorised" for the "authorized"

നാലാം വകുപ്പ്

In section 10 B(5) proposed to be substituted in the Kerala Tax on Luxuries Act, 1976 by clause4, for the word "June" substitute the word "September"

അഞ്ചാം വകുപ്പ്

In section 37C(5) proposed to be substituted in the Kerala Agricultural Income Tax Act, 1991 by clause5, "30th June, 2017" shall be substituted with "30th September, 2017"

ആറാം വകുപ്പ്

In section 25 E(2) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(4), the figures, words and symbol "30th June, 2017" shall be substituted with the words and figures "30th September 2017"

In section 25 E(5) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(4), after the word "equal" insert the word "monthly"

The second proviso to section 57(1) proposed to be inserted in the Kerala Value Added Tax Act, 2003 inserted by clause 6(8), clause 6 the words and figures "by virtue of the Kerala Finance Act, 2017" shall be deleted.

The second proviso to section 60(1) proposed to be inserted in the Kerala Value Added Tax Act, 2003, by clause 6(9), the words "by virtue of the Kerala Finance Act, 2017" shall be deleted.

In the twenty fourth proviso to sub section (1) of section 6 of the Kerala Value Added Tax Act, 2003 (30 of 2004) proposed to be inserted by item (a) sub-clause (1) for the words and figures "up to 22nd February2017" the words and figures " from 1st April 2005 to 22nd February 2017" shall be substituted.

ഒന്നാം വകുപ്പ്

(2) Save as otherwise provided in this Act, it shall be deemed to have come into force on the 1st day of April, 2017.

അവകാശ ലംഘന പ്രശ്നം

I താഴെപ്പറയുന്ന അവകാശ ലംഘന നോട്ടീസുകൾ പ്രിവിലേജസ് എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്ക് അയച്ചു:

(1) 13-3-2017- ൽ ചെയർ സഭയിൽ നൽകിയ റൂളിംഗിനെപ്പറ്റി ആക്ഷേപകരമായ പരാമർശങ്ങൾ ഉൾപ്പെട്ട പരിപാടി മാതൃഭൂമി ന്യൂസ് ചാനൽ സംപ്രേക്ഷണം ചെയ്തതുമായി ബന്ധപ്പെട്ട് ചട്ടം 155 പ്രകാരം അവകാശ ലംഘന പ്രശ്നം ഉന്നയിച്ച് ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ. എ. നൽകിയ നോട്ടീസ്.

(2) അടാട്ട് സർവ്വീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് തങ്ങളെ അഴിമതിക്കാരായി ചിത്രീകരിച്ച് ശ്രീ. അനിൽ അക്കര എം. എൽ. എ. അപകീർത്തിപ്പെടുത്തുന്നുവെന്നാരോപിച്ച് ശ്രീമതി സി. എം. ഇന്ദിരാ പ്രിയദർശിനി, ശ്രീമതി പി. അജിത എന്നിവർ നൽകിയതും അംഗങ്ങളുടെ എഥിക്സിനെ സംബന്ധിച്ചതുമായ രണ്ടു പരാതികൾ.

II ചെയറിന്റെ പരിഗണനയിലുള്ള അവകാശ ലംഘന നോട്ടീസുകൾ:

(1) എറണാകുളം മഹാരാജാസ് കോളേജ് ഹോസ്റ്റൽ മുറിയിൽ നിന്നും മാരകായുധങ്ങൾ കണ്ടെടുത്തത് സംബന്ധിച്ച് 5-5-2017-ൽ ശ്രീ. പി. ടി. തോമസ് എം. എൽ.എ. അടിയന്തരപ്രമേയത്തിന് അവതരണാനുമതി ആവശ്യപ്പെട്ട് നൽകിയ നോട്ടീസിന്മേലുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയത് വാസ്തവ വിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമായ പ്രസ്താവനയാണെന്നാരോപിച്ച് സർവ്വശ്രീ ഹൈബി ഈഡൻ, പി. ടി. തോമസ്, കെ. എം. ഷാജി എന്നീ അംഗങ്ങൾ ചട്ടം 155 പ്രകാരം അവകാശലംഘനം ഉന്നയിക്കുന്നതിന് നൽകിയ നോട്ടീസുകൾ.

(2) അമ്പലമുകൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഫാക്ടിന്റെ സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിയമസഭാ മന്ദിരത്തിലെ ഓഫീസിൽ വച്ച് ചേർന്ന യോഗത്തിലേക്ക് സ്ഥലം എം. എൽ. എ. ആയ തന്നെ ക്ഷണിക്കാത്തത് അവകാശലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. വി. പി. സജീന്ദ്രൻ എം.എൽ.എ നൽകിയ നോട്ടീസ്.

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തെക്കുറിച്ച് സ്പീക്കർ ഹ്രസ്വമായ ഒരു അവലോകനം നടത്തി.

സഭാ നടപടികളുടെ അവസാനം ദേശീയഗാനം ആലപിച്ചു

ഉച്ചയ്ക്കുശേഷം 2.50-ന് സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

KNPP.1026/2017(i).

# FOURTEENTH KERALA LEGISLATIVE ASSEMBLY

## Fifth Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, May 25, 2017*

**No. 78**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day were answered orally.

*Correction of answer to Starred Question:*

Statement correcting answer and corrected answer to starred question No. 395 dated 15-5-2017 of the Fifth session of the Fourteenth Kerala Legislative Assembly was laid on the table by Minister for Public Works and Registration, Shri G. Sudhakaran.

*Obituary Reference:*

The Speaker made reference on the demise of former Member of Assembly Pallipram Balan, and the Union Minister for Environment, Forest and Climate Change, Anil Madhav Deve. As a mark of respect to the deceased, the Members stood in silence for a while.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri K. Muraleedharan and two other Members regarding the serious situation reported to have arisen due to the loss of funds receivable from Central Government on Centrally Sponsored schemes like Kuttanad Package, Scheduled Caste/Scheduled Tribe Welfare Projects, P.M.G.S.Y., M.G.N.R.E.G.S. etc. as a result of the inactiveness of State Government in taking timely actions.

KNPP. 1026/2017(ii).

*Calling Attention:*

(1) Shri C. K. Saseendran called the attention of the Minister for Public Works and Registration to the necessity to take over the implementation of the proposed Nanjangud-Nilambur Railway Line by the State. The Minister made a statement thereto.

(2) Shri K. M. Mani called the attention of the Chief Minister to the necessity to exert pressure on the Central Government to expedite the efforts to rescue Father Tom Uzhunnalil, who was abducted by the I.S. terrorists. The Chief Minister made a statement thereto.

*The matters raised by Members Under Rule 304:*

The matters raised by Members in the House under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. വി. അബ്ദുൾഖാദർ | ഗൾഫ് രാജ്യങ്ങളിലേക്ക് നിയമ വിരുദ്ധമായി സ്ത്രീകളെ കൊണ്ടുപോകുന്ന ഏജന്റുമാർക്കെതിരെ നടപടി | മുഖ്യമന്ത്രി |
| 2 | ശ്രീ. ആന്റണി ജോൺ | കോതമംഗലത്ത് മുൻസിഫ് കോടതി | മുഖ്യമന്ത്രി |
| 3 | ശ്രീ. എൻ. ഷംസുദ്ദീൻ | അർദ്ധ സൈനിക വിമുക്ത ഭടന്മാരുടെയും ആശ്രിതരുടെയും ആവശ്യങ്ങൾ | മുഖ്യമന്ത്രി |
| 4 | ശ്രീ. ആർ. രാജേഷ് | മാവേലിക്കര ചാരുംമൂട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി | മുഖ്യമന്ത്രി |
| 5 | ശ്രീ. പി. കെ. ബഷീർ | പെരുവമ്പാടം കോളനിയിൽ 'ഹാം ലെറ്റ്' പദ്ധതി പ്രകാരം വീടുകൾക്ക് ധനസഹായ വിതരണം | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. ബി. സത്യൻ | അയ്യങ്കാളി സ്മൃതിമണ്ഡപം നവീകരിക്കുന്നതും പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതും | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 7 | ശ്രീ. എസ്. രാജേന്ദ്രൻ | ദേവികുളം താലൂക്കിൽ കുറ്റിയം വാലിയിൽ പട്ടയം ലഭിച്ചവർക്ക് ഭൂമി ലഭ്യമാക്കുന്നത് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. ബാബു | മാമ്പഴം നാണ്യവിളയിൽ ഉൾപ്പെടുത്തുന്നത് | കൃഷി വകുപ്പുമന്ത്രി |
| 9 | ശ്രീമതി ഇ. എസ്. ബിജിമോൾ | കോലാഹലമേട്ടിൽ ഡയറി സയൻസ് കേന്ദ്രം | കൃഷി വകുപ്പുമന്ത്രി |
| 10 | ഡോ. എം. കെ. മുനീർ | കോത, നൈനാംവളപ്പ്, പള്ളിക്കണ്ടി, ചാപ്പയിൽ തീരപ്രദേശങ്ങളിൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 11 | ശ്രീമതി യു. പ്രതിഭ ഹരി | ആർ. എസ്. ബി. വൈ. നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 12 | ശ്രീ. കെ. ദാസൻ | ഉള്ളൂർക്കടവ് പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 13 | ശ്രീ. വി. ടി. ബൽറാം | കുറ്റിപ്പുറം പട്ടാമ്പി റോഡ്, പട്ടാമ്പി പാലം, കരിയന്നൂർ റെയിൽവേ മേൽപ്പാലം, ചാത്തന്നൂർ സിന്തറ്റിക് ട്രാക്ക് തുടങ്ങിയവയുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 14 | ശ്രീ. കെ. കുഞ്ഞിരാമൻ | കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ റോഡുകളുടെ വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 15 | ശ്രീ. എൻ. വിജയൻ പിള്ള | ചവറയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 16 | ശ്രീ. അൻവർ സാദത്ത് | ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് കീഴിലുള്ള റോഡുകൾ ടാർ ചെയ്യുന്നതിനുള്ള വീതി 4 മീറ്റർ ആക്കുന്നതിന് നടപടി | തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 17 | ശ്രീ. പി. ടി. തോമസ് | നഴ്സറി സ്കൂളുകളുടെ നിയമപരമായ പ്രവർത്തനവും ഡേ കെയറിൽ, ആയ കുട്ടിയെ മർദ്ദിച്ച സംഭവവും | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 18 | ശ്രീ. റോജി എം. ജോൺ | കാലടി-മലയാറ്റൂർ-ആതിരപ്പള്ളി ടൂറിസം സർക്യൂട്ട് | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 19 | ശ്രീ. വി. ഡി. സതീശൻ | ഖാദി മേഖലയിലെ പ്രതിസന്ധി | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 20 | ശ്രീ. കെ. എം. ഷാജി | നീർക്കകടവ് ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം ആരംഭിക്കുന്നത് | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 21 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | കയ്പമംഗലം ഗ്രാമപഞ്ചായത്തിൽ ഫിഷ് ലാന്റിംഗ് സെന്റർ | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 22 | ശ്രീ. എ. പ്രദീപ്കുമാർ | കോഴിക്കോട് സിവിൽ സർവ്വീസ് അക്കാഡമി കെട്ടിട നിർമ്മാണം | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Presentation of Reports:*

The following Reports were presented:

(1) The Report of the Subject Committee IV on the action taken on the recommendations contained in the First Report on the scrutiny of demands for grants for the financial year 2016-2017.

(2) The Report of the Subject Committee XI on the action taken on the recommendations contained in the First Report on the scrutiny of demands for grants for the financial year 2016-2017.

(3) The Report of the Subject Committee XIII on the action taken on the recommendations contained in the First Report on the scrutiny of demands for grants for the financial year 2016-2017.

*Statement Under Rule 300:*

Shri V. S. Sunil Kumar, Minister for Agriculture made a statement under Rule 300 regarding the decision to allot pension and gratuity to the members of the Employment Assurance Scheme implemented during 1994 in the State.

*Government Resolution Under Rule 118:*

Shri K. T. Jaleel, Minister for Local Self Governments, Welfare of Minorities, Wakf and Haj Pilgrimage moved a resolution demanding the Central Government to urgently settle the arrear amount due to the workers in the State under the Mahatma Gandhi National Rural Employment Guarantee Scheme. Shri Anil Akkara and Shri K. C. Joseph moved amendments and spoke. After the reply by the Minister the moved amendments were withdrawn by the leave of the House. Then the resolution was passed unanimously.

*Personal explanation Under Rule 288:*

Shri P. K. Abdu Rabb made a personal explanation under Rule 288 regarding the statements made by Shri K. B. Ganesh Kumar in the discussion on May 8, 2017.

*Legislative Business:*

(1) Introduction and further stages of the Kerala Appropriation (No. 3) Bill, 2017

DR. T. M. Thomas Isaac, Minister for Finance and Coir introduced the Kerala Appropriation (No. 3) Bill, 2017.

The following Members took part in the discussion:

Shri R. Rajesh

Shri N. Samsudheen

Shri E. K. Vijayan

Shri P. C. George

Shri K. Krishnankutty

Shri Roshy Augustine

Shri K. Suresh Kurup

Shri Ramesh Chennithala ( Leader of Opposition).

DR. T. M. Thomas Isaac, Minister for Finance and Coir, replied to the points raised during the discussion. Then the Kerala Appropriation (No. 3) Bill, 2017 was taken up for consideration and put to vote and passed.

(2) Consideration and further stages of the Keala Finance Bill, 2017, as reported by the Subject Committee

DR. Thomas Isaac, Minister for Finance and Coir, moved the motion that the Kerala Finance Bill, 2017 as reported by the Subject Committee be taken up for consideration.

The following Members who had recorded their notes of dissent to the Subject Committee report also spoke:

Shri T. A. Ahammed Kabeer

Shri V. D. Satheesan

DR. N. Jayaraj.

Smt. E. S. Bijimol moved an amendment to recommit the Bill to the same Subject Committee and Shri C. K. Hareendran moved another amendment to circulate the Bill for eliciting public opinion. After the reply by the Minister for Finance and Coir, the amendments moved were withdrawn by the leave of the House. The Bill was then taken up for clause by clause consideration and passed with the following amendments.

*Clause 2*

In section 12A proposed to be inserted in the Kerala Stamp Act, 1959 by clause 2(4) delete the word "computer"

In section 12A proposed to be inserted in the Kerala Stamp Act, 1959 by clause 2(4), substitute the word "authorised" for the "authorized."

*Clause 4*

In section 10 B(5) proposed to be substituted in the Kerala Tax on Luxuries Act, 1976 by clause 4, for the word "June" substitute the word "September"

*Clause 5*

In section 37C(5) proposed to be substituted in the Kerala Agricultural Income Tax Act, 1991 by clause 5, "30th June, 2017" shall be substituted with "30th September, 2017"

*Clause 6*

In section 25 E(2) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(4), the figures, words and symbol "30th June, 2017" shall be substituted with the words and figures "30th September 2017".

In section 25E(5) proposed to be substituted in the Kerala Value Added Tax Act, 2003 by clause 6(4), after the word "equal" insert the word "monthly".

The second proviso to section 57(1) proposed to be inserted in the Kerala Value Added Tax Act, 2003 inserted by clause 6(8), clause 6 the words and figures "by virtue of the Kerala Finance Act, 2017" shall be deleted.

The second proviso to section 60(1) proposed to be inserted in the Kerala Value Added Tax Act, 2003, by clause 6(9), the words "by virtue of the Kerala Finance Act, 2017" shall be deleted.

In the twenty fourth proviso to sub section (1) of section 6 of the Kerala Value Added Tax Act, 2003 (30 of 2004) proposed to be inserted by item (a) sub-clause (1) for the words and figures "up to 22nd February 2017" the words and figures "from 1st April 2005 to 22nd February 2017" shall be substituted.

*Clause 1*

(2) Save as otherwise provided in this Act, it shall be deemed to have come into force on the 1st day of April, 2017.

*Question of Breach of Privilege:*

I. The following notice of question of breach of privilege were sent to the Committee of Privileges and Ethics:

(1) 13-3-2017-ൽ ചെയർ സഭയിൽ നൽകിയ റൂളിംഗിനെപ്പറ്റി ആക്ഷേപകരമായ പരാമർശങ്ങൾ ഉൾപ്പെട്ട പരിപാടി മാതൃഭൂമി ന്യൂസ് ചാനൽ സംപ്രേക്ഷണം ചെയ്തതുമായി ബന്ധപ്പെട്ട് ചട്ടം 155 പ്രകാരം അവകാശ ലംഘന പ്രശ്നം ഉന്നയിച്ച് ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ. എ. നൽകിയ നോട്ടീസ്.

(2) അടാട്ട് സർവ്വീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് തങ്ങളെ അഴിമതിക്കാരായി ചിത്രീകരിച്ച് ശ്രീ. അനിൽ അക്കര എം. എൽ.എ. അപകീർത്തിപ്പെടുത്തുന്നു വെന്നാരോപിച്ച് ശ്രീമതി സി. എം. ഇന്ദിരാ പ്രിയദർശിനി, ശ്രീമതി പി. അജിത എന്നിവർ നൽകിയതും അംഗങ്ങളുടെ എഥിക്സിനെ സംബന്ധിച്ചതുമായ രണ്ടു പരാതികൾ

II. The following notices of question of breach of privilege are under the consideration of Chair:

(1) എറണാകുളം മഹാരാജാസ് കോളേജ് ഹോസ്റ്റൽ മുറിയിൽ നിന്നും മാരകായുധങ്ങൾ കണ്ടെടുത്തത് സംബന്ധിച്ച് 5-5-2017-ൽ ശ്രീ. പി. ടി. തോമസ് എം. എൽ.എ. അടിയന്തരപ്രമേയത്തിന് അവതരണാനുമതി ആവശ്യപ്പെട്ടു നൽകിയ നോട്ടീസിന്മേലുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയത് വാസ്തവവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമായ പ്രസ്താവനയാണെന്നാരോപിച്ച് സർവ്വശ്രീ ഹൈബി ഈഡൻ, പി. ടി. തോമസ്, കെ. എം. ഷാജി എന്നീ അംഗങ്ങൾ ചട്ടം 155 പ്രകാരം അവകാശലംഘനം ഉന്നയിക്കുന്നതിന് നൽകിയ നോട്ടീസുകൾ.

(2) അമ്പലമുകൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഫാക്ടിന്റെ സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിയമസഭാ മന്ദിരത്തിലെ ഓഫീസിൽ വച്ചു ചേർന്ന യോഗത്തിലേക്ക് സ്ഥലം എം. എൽ. എ. ആയ തന്നെ ക്ഷണിക്കാത്തത് അവകാശലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. വി. പി. സജീന്ദ്രൻ എം. എൽ. എ. നൽകിയ നോട്ടീസ്.

The Speaker made a brief review of the Fifth Session of the Fourteenth Kerala Legislative Assembly.

National Anthem was sung.

The House adjourned sine die at 2.50 p.m.

V. K. BABU PRAKASH,
*Secretary.*